**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1481** **06.03.2020 ൽ** മറുപടിക്ക്

**ഇരിങ്ങാലക്കുട മണ്ഡലത്തിൽ പൊരുന്നചിറ നവീകരണം**

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.കെ.യു.അരുണൻ** | **എ.സി. മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ആളൂർ ഗ്രാമപഞ്ചായത്തിലെ പൊരുന്നചിറ നവീകരണത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ, വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ആളൂർ ഗ്രാമ പഞ്ചായത്തിലെ 20, 21 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സായ പൊരുന്നച്ചിറയിൽ വാട്ടർ അതോറിറ്റിയുടെ സ്കീം വഴി ചെറിയൊരു പ്രദേശത്ത് വെള്ളം ലഭ്യമാക്കി വരുന്നുണ്ട്. പ്രസ്തുത സ്കീമിന്റെ ഭാഗമായി ഫിൽറ്ററിങ് മീഡിയയുടെ നവീകരണത്തിനും അനുബന്ധമായി ചെളി കയറുന്നത് തടയുന്നതിനുമായി 18,61,080/- രൂപയുടെ പ്രോജക്റ്റ് രൂപീകരിച്ച് നടപ്പാക്കി വരുന്നുണ്ട്. പൊരുന്നച്ചിറയിൽ കാലങ്ങളായി അടിഞ്ഞു കൂടിയിട്ടുള്ള ചെളി നീക്കി ഇടിഞ്ഞ ഭാഗങ്ങൾ കെട്ടി സംരക്ഷിച്ച് ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിലൂടെ നിലവിലുള്ള സ്കീമിന് പുറമെ സമഗ്രമായൊരു കുടിവെള്ള പദ്ധതി ആരംഭിച്ച് 20, 21 വാർഡുകളിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്ത് 2 കോടി രൂപ ചെലവു വരുന്ന ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയ്ക്ക് സർക്കാർ ധനസഹായം ലഭ്യമാക്കണമെന്ന ആവശ്യം തദ്ദേശസ്വയംഭരണ (എഫ്.എം)വകുപ്പിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ